(ഡി) കൃഷിവകുപ്പ് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതികളിൽ കർഷകരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. ഇതിനായി കൃഷിഭവൻതല കാർഷിക വികസന സമിതിലും ജില്ലാതല കാർഷിക വികസന സമിതിയിലും വിശദമായി ചർച്ച ചെയ്യുകയും, ഗുണഭോക്താക്കളെ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, മുഖാമുഖം പരിപാടികൾ പരിശീലന പരിപാടികൾ ഇവയിൽ പഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും അഭിപ്രായ സമന്വത്തിൽ എത്തുകയും ചെയ്യുന്നു. കാർഷിക അദാലത്തുകൾ, കർഷക സംഗമങ്ങൾ, നാട്ടുകൂട്ടങ്ങൾ എന്നിവ ജനപങ്കാളിത്തം ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്.

(ഇ) കൃഷിഭവനുകൾ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്.

(എഫ്) പഞ്ചായത്തുകൾ വിഭജിക്കപ്പെടുമ്പോഴും മറ്റും കൃഷി ഭവനുകൾ അനുവദിക്കാറുണ്ട്. സംസ്ഥാനത്ത് 8 ഗ്രാമപഞ്ചായത്തുകൾ പുതുതായി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവുണ്ടാകുകയും പഞ്ചായത്തുകളിൽ 29-12-2008-ലെ ജി. ഒ. (എം.എസ്.) നം. 221/08/എ.ഡി. പ്രകാരം പുതുതായി കൃഷിഭവൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ കുമ്മിൾ, ചിറക്കര കോട്ടയം ജില്ലയിലെ കോരുത്തോട്, ഇടുക്കി ജില്ലയിലെ ദേവികുളം, പാലക്കാട് ജില്ലയിലെ തെൻകര, മലപ്പുറം ജില്ലയിലെ കാലടി മുതുവല്ലൂർ, കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ എന്നിവിടങ്ങളിൽ പുതുതായി 8 കൃഷി ഭവനുകൾ ആരംഭിച്ചിട്ടുണ്ട്.

### ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ നവീകരണം

15 (*555) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. ഹംസ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത മ്യൂസിയം കൂടുതൽ വൈവിധ്യവൽക്കരിക്കുന്നതിനും ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കുട്ടികളിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത മ്യൂസിയത്തിന് ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2009 അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷമായി ആചരിച്ചതിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികൾ എന്തെല്ലാമാണെന്നറിയിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) കഴിഞ്ഞ മൂന്നുവർഷ കാലയളവിൽ ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ നവീകരണത്തിന് സ്വീകരിച്ച പ്രധാന നടപടികൾ താഴെപ്പറയുന്നവയാണ്.

1. ഐ. എച്ച്. ആർ. ഡി. യുടെ സഹകരണത്തിൽ ഒരു ഹോം റേഡിയോ സ്റ്റേഷൻ സ്ഥാപിച്ചു.
2. സി. വി. രാമൻ സെന്റർ ഫോർ ബെയ്സിക് അസ്ട്രോണമി സ്ഥാപിച്ചു. ജ്യോതിശാസ്ത്രത്തിൽ ഉള്ള ഹ്രസ്വകാല കോഴ്സുകൾ നടത്തുന്നു.
3. സ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്താൻ ടാലന്റ് ഡെവലപ്മെന്റ് പ്രോഗ്രാം നടത്തുന്നു.
4. ത്രിമാന തീയറ്റർ ആധുനീകരിച്ചു.
5. ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിൽ, പ്രായോഗിക ക്ഷമതയിൽ ഊന്നൽ നൽകിക്കൊണ്ട് സമ്മർ വെക്കേഷൻ ക്ലാസുകൾ നടത്തുന്നു.
6. മൂന്ന് പുതിയ പ്ലാനറ്റേറിയം പ്രദർശന പരിപാടികൾ സ്വന്തമായി തയാറാക്കുകയും ഒരെണ്ണം വാങ്ങുകയും ചെയ്തു.
7. പ്രപഞ്ച അത്ഭുതങ്ങൾ നേരിട്ട് കാണുന്നതിനായി 11 ഇഞ്ച് സെലസ്ട്രോൺ ടെലസ്കോപ്പ് സ്ഥാപിച്ചു. കൂടാതെ 6 ഇഞ്ച് ന്യൂട്ടോണിയൻ ടെലസ്കോപ്പ്, 2 ബൈനോക്കുലറുകൾ, ആസ്ട്രോഫോട്ടോഗ്രാഫിക്കുവേണ്ട സി.സി.ഡി. ക്യാമറ മുതലയാവ വാങ്ങിച്ചു.
8. സഞ്ചരിക്കുന്ന വാനനിരീക്ഷണശാല സ്ഥാപിച്ചു.
9. സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി. കൂടാതെ സൺഡയൽ എന്ന എക്സിബിറ്റ് സ്ഥാപിച്ചു. ആംഫി തിയറ്റർ നിർമ്മാണം പൂർത്തിയായി.
10. അമ്പലപ്പുഴയിൽ മേഖലാ ശാസ്ത്രകേന്ദ്രം സ്ഥാപിക്കുന്നതിനായി നടപടികൾ ആരംഭിച്ചു.
11. ശാസ്ത്രമ്യൂസിയത്തിന്റെ എല്ലാ ഘടകങ്ങളുമടങ്ങിയ ഒരു സയൻസ് സിറ്റി സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചു.

(ബി) നാഷണൽ കൗൺസിൽ ഫോർ സയൻസ് മ്യൂസിയം, ഐ.യു.സി.എ.എ., ഐ.എസ്.ആർ.ഒ., ഐ.ഐ.എസ്.ടി., വിജ്ഞാൻ പ്രസാർ, ഐ.ഐ.എസ്.ഇ.ആർ, മുതലായ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളുമായി

LIBRARY ARCHIVES Kerala Legislative Assembly

സഹകരിച്ച് നിരവധി പ്രോഗ്രാമുകളും പ്രോജക്ടുകളും സംഘടിപ്പിച്ചതിന്റെ ഫലമായി കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയം ദേശീയ നിലവാരത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. ഐ. എസ്.ആർ.ഒ.യുടെ സഹായത്തോടെ 50 ലക്ഷം രൂപ ചെലവിൽ സ്പേസ് ഗ്യാലറിയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആസ്ട്രോണമി ആന്റ് ആസ്ട്രോ ഫിസിക്സ് (ഐ.യു.സി.എ.എ)-മായി സഹകരിച്ച് സയന്റിഫിക് ടോയ്സ് കോർണർ സ്ഥാപിച്ചു. യുവസന്ദർശകർക്ക് വിനോദം വഴി ശാസ്ത്ര സന്ദേശം നൽകുന്നത് ലക്ഷ്യമാക്കി ഒരു 'മോഷൻ സിമുലേറ്റർ' അഥവാ 'ത്രില്ലേറിയം' സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) കുട്ടികൾക്ക് ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ഹൈസ്കൂൾ തലത്തിലെ വിദ്യാർത്ഥികൾക്കായി നടപ്പിൽ വരുത്തിയ ഇൻകൾകെയ്റ്റ് സ്കോളർഷിപ്പ് സ്കീം.

(ഡി) ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന് ഉപകേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതിയുണ്ട്., ചാലക്കുടിയിലും അമ്പലപ്പുഴയിലും മേഖലാ ശാസ്ത്ര കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷാചരണത്തിന്റെ ഭാഗമായി നിരവധി സെമിനാറുകളും, ക്ലാസുകളും സംഘടിപ്പിച്ചു. കൂടാതെ വാനനിരീക്ഷണത്തിനുള്ള സംവിധാനങ്ങൾ മ്യൂസിയത്തിൽ സ്ഥാപിച്ചു. ജ്യോതി ശാസ്ത്രമേഖലയെ ആസ്പദമാക്കി രൂപകല്പന ചെയ്ത എക്സിബിറ്റുകൾ ഉൾക്കൊള്ളുന്ന സഞ്ചരിക്കുന്ന ഒരു ശാസ്ത്രപ്രദർശന യൂണിറ്റും ആസ്ട്രോവാനും രൂപകല്പന ചെയ്ത് പ്രവർത്തന സജ്ജമാക്കിവരുന്നു. കൂടാതെ 2010 ജനുവരി 15-ലെ സൂര്യഗ്രഹണനിരീക്ഷണത്തിനായി നിരവധി സോളാർ ഫിൽറ്ററുകളും സോളാർ സ്കോപ്പുകളും പൊതുജനങ്ങൾക്കായി കനകക്കുന്ന് കൊട്ടാരവളപ്പിൽ സജ്ജമാക്കി. നാഷണൽ സയൻസ് കോൺഗ്രസ്സിൽ ജ്യോതിശാസ്ത്ര മേഖലയെ ആസ്പദമാക്കി സജ്ജമാക്കി. കാസർഗോഡ്, ഇടുക്കി, കോഴിക്കോട്, കൊല്ലം എന്നിവിടങ്ങളിൽ സി.വി. രാമൻ സെന്റർ ഫോർ ബെയ്സിക് ആസ്ട്രോണമിയുടെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

**പൈതൃക സ്കൂളുകളെ ശക്തിപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതി**

**16 (*556)** ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൈതൃക സ്കൂളുകളെ ശക്തിപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly